**സമസ്ത നൂറാം വാർഷികത്തിന് പ്രധാനമന്ത്രിയെ ക്ഷണിച്ചെന്ന വാർത്ത നിഷേധിച്ച് ജിഫ്രി തങ്ങൾ**

കോഴിക്കോട്: സമസ്തയുടെ നൂറാം വാർഷിക പരിപാടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ക്ഷണിക്കുന്ന കാര്യം താൻ സംസാരിച്ചെന്ന ന്യൂനപക്ഷ മോർച്ച ദേശീയ പ്രസിഡന്റ് ജമാൽ സിദ്ദീഖിയുടെ പ്രസ്താവന അടിസ്ഥാനരഹിതമാണെന്ന് സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ. "പ്രധാനമന്ത്രിയോട് എന്താണ് പറയാനുള്ളത് എന്ന് അദ്ദേഹം ചോദിച്ചപ്പോൾ രാജ്യത്ത് ന്യൂനപക്ഷ വിഭാഗങ്ങൾ വലിയ ആശങ്കയിലാണെന്നും അതു പരിഹരിക്കാൻ നടപടിവേണമെന്നും ആവശ്യപ്പെട്ടിരുന്നു. പ്രധാനമന്ത്രിയെ കാണാൻ അവസരമൊരുക്കാമെന്ന് പറഞ്ഞപ്പോൾ ഇപ്പോൾ സമസ്ത നൂറാം വാർഷികവുമായി ബന്ധപ്പെട്ട തിരക്കുകളിലാണെന്നും അതിനുശേഷം ആലോചിക്കാമെന്നുമാണ് മറുപടിനൽകിയത്" -ജിഫ്രി തങ്ങൾ പറഞ്ഞു.


സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com വാള്യം: 60 ലക്കം: 153 2025 സെപ്തംബർ 18 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


## ശിവഗിരി സംഭവം: ആന്റണിയുടെ വാദം ശരി, പോലീസ് അതിക്രമം നടന്നിട്ടില്ലെന്ന് ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട്



തിരു: 1995-ലെ ശിവഗിരി മഠത്തിലെ പോലീസ് നടപടിയിൽ അതിക്രമം നടന്നിട്ടില്ലെന്നും, ജനക്കൂട്ടം അക്രമാസക്തമായപ്പോഴാണ് പോലീസ് നടപടി വേണ്ടിവന്നതെന്നും വ്യക്തമാക്കുന്ന ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് പുറത്ത്. 407 പേജുകളുള്ള റിപ്പോർട്ടിലെ കണ്ടെത്തലുകൾ, പോലീസ് നടപടി കോടതിയുടെ നിർബന്ധം മൂലമായിരുന്നു എന്ന എ.കെ. ആന്റണിയുടെ വാദങ്ങളെ ശരിവെക്കുന്നതാണ്. റിപ്പോർട്ട്, നേരത്തെ തന്നെ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമായിരുന്നു.

ശിവഗിരിയിൽ പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമം ഉണ്ടായിട്ടില്ലെന്നും, സംയമനത്തോടെയാണ് അവർ കാര്യങ്ങൾ കൈകാര്യം ചെയ്തതെന്നുമാണ് കമ്മീഷന്റെ കണ്ടെത്തൽ. ജനങ്ങൾ അക്രമാസക്തമായപ്പോഴാണ് പോലീസിന് നടപടിയെടുക്കേണ്ടി വന്നത്. അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥരെ ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടിൽ അഭിനന്ദിക്കുന്നുമുണ്ട്. എന്നാൽ പ്രശ്നത്തിൽ മധ്യസ്ഥത വഹിച്ച അന്നത്തെ സർക്കാർ, അത് കൃത്യമായി പരിഹരിക്കുന്നതിൽ പരാജയപ്പെട്ടു എന്ന വിമർശനവും റിപ്പോർട്ട് മുന്നോട്ടുവെക്കുന്നു.

തന്റെ ഭരണകാലത്തുണ്ടായ സംഭവങ്ങളെക്കുറിച്ച് നിയമസഭയിൽ ഭരണപക്ഷം വിമർശനങ്ങൾ ഉന്നയിച്ചതിനെത്തുടർന്നാണ് എ.കെ. ആന്റണി നേരിട്ട് പ്രതിരോധവുമായി രംഗത്തെത്തിയത്. ശിവഗിരിയിൽ നടന്നത് എന്താണെന്ന് ജനങ്ങൾ അറിയണമെന്നും, അതിനാൽ ജുഡീഷ്യൽ അന്വേഷണ റിപ്പോർട്ട് പുറത്തുവിടണമെന്നും അദ്ദേഹം മാധ്യമങ്ങളോട് ആവശ്യപ്പെട്ടിരുന്നു. നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം സംസാരിക്കാമെന്ന് കരുതിയെങ്കിലും, തന്നെ മുൻനിർത്തി ആരോപണങ്ങൾ വന്നപ്പോൾ മറുപടി പറയണമെന്ന് സ്വയം തോന്നിയതുകൊണ്ടാണ് വാർത്താസമ്മേളനം വിളിച്ചതെന്നും ആന്റണി വ്യക്തമാക്കിയിരുന്നു.

1995 ഒക്ടോബർ 11-നാണ് ശിവഗിരിയിൽ പോലീസ് നടപടിയുണ്ടാകുന്നത്. ശിവഗിരി മഠത്തിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ നിന്നാണ് സംഭവങ്ങളുടെ തുടക്കം. മത്സരത്തിൽ പ്രകാശാനന്ദ ഉൾപ്പെടെ ആറ് വിമത സന്യാസിമാർ വിജയിച്ചെങ്കിലും, ശാശ്വതീകാനന്ദ പക്ഷം അധികാരം കൈമാറാൻ തയ്യാറായില്ല. 1994 ഡിസംബറിൽ പ്രകാശാനന്ദ കോടതിയെ സമീപിക്കുകയും, അധികാര കൈമാറ്റം ഉറപ്പാക്കാൻ കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. കോടതി ഉത്തരവ് നടപ്പാക്കാനായി 1995 ഒക്ടോബർ 11-ന് പുലർച്ചെ പോലീസ് ശിവഗിരി മഠത്തിലെത്തി. എന്നാൽ ശാശ്വതീകാനന്ദ പക്ഷം പോലീസിനെതിരെ ആക്രമണം അഴിച്ചുവിട്ടു. ഇവർക്ക് അബ്ദുൽ നാസർ മഅ്ദനിയും പി.ഡി.പിയും പിന്തുണ നൽകിയിരുന്നു എന്നത് പ്രശ്നം ഗുരുതരമാക്കി.

പ്രതിഷേധത്തെ ചെറുക്കാൻ പോലീസ് നടത്തിയ നടപടി സംഘർഷത്തിൽ കലാശിച്ചു. 200-ൽ അധികം പേർക്ക് പരിക്കേറ്റു. ഗുരു സ്ഥാപിച്ച ക്ഷേത്രത്തിനും മഠത്തിനും കേടുപാടുകൾ സംഭവിച്ചതും പോലീസിനെതിരെ വലിയ വിമർശനങ്ങൾക്ക് കാരണമായി.

# വ്യാജ ലോഗിൻ ഉപയോഗിച്ച് വോട്ടുകൾ നീക്കി

## മുഖ്യ തിര. കമ്മിഷണർക്കെതിരേ ആരോപണങ്ങളുമായി രാഹുൽ



ന്യൂഡൽഹി: വോട്ടർ പട്ടികയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിനെതിരേ ആരോപണങ്ങളുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ജനാധിപത്യത്തെ തകർക്കുന്നവരെ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ സംരക്ഷിക്കുന്നുവെന്ന് രാഹുൽ ആരോപിച്ചു. കർണാടകയിലെ അലന്ദ് നിയമസഭാ മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ നിന്ന് ആറായിരത്തോളം പേരെ നീക്കിയതായി രാഹുൽ ഗാന്ധി ആരോപിച്ചു. ഇന്ദിരാഭവനിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിലാണ് രാഹുൽ ഗാന്ധിയുടെ ആരോപണം.

അതേസമയം ഇത് ഹൈഡ്രജൻ ബോംബ് അല്ലെന്ന് പറഞ്ഞാണ് രാഹുൽ ഗാന്ധി പത്രസമ്മേളനം തുടങ്ങിയത്. അത് വരാനിരിക്കുന്നതേയുള്ളൂവെന്നും രാഹുൽ പറഞ്ഞു. നേരത്തേ ബിഹാറിലെ വോട്ടർ അധികാർ യാത്രയുടെ സമാപനച്ചടങ്ങിലാണ് 'ഹൈഡ്രജൻ ബോംബ്' പൊട്ടിക്കുമെന്ന് രാഹുൽഗാന്ധി വെളിപ്പെടുത്തിയിരുന്നത്.

ഒന്നാമതായി, ഇത് 'ഹൈഡ്രജൻ ബോംബ് അല്ല, അത് വരാനിരിക്കുന്നതേയുള്ളൂ. ഈ രാജ്യത്തെ യുവാക്കൾക്ക് തിരഞ്ഞെടുപ്പുകൾ എങ്ങനെയാണ് അട്ടിമറിക്കപ്പെടുന്നതെന്ന് കാണിച്ചുകൊടുക്കുന്നതിലെ മറ്റൊരു നാഴികക്കല്ലാണ്- രാഹുൽ പറഞ്ഞു. ജനാധിപത്യത്തെ തകർക്കുന്നവരെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ സംരക്ഷിക്കുന്നു. വ്യാജ ലോഗിനുകൾ ഉപയോഗിച്ച് ആറായിരത്തോളം വോട്ടുകൾ നീക്കി. സോഫ്റ്റ് വെയർ ഉപയോഗിച്ച് വോട്ടർമാരുടെ പേരുകൾ നീക്കം ചെയ്യുന്നു. സ്വതന്ത്രവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കേണ്ട കമ്മിഷൻ പക്ഷപാതപരമായാണ് ഇടപെടുന്നതെന്നും ലോക്സഭാ പ്രതിപക്ഷനേതാവ് പറഞ്ഞു. കോൺഗ്രസിന് വോട്ടുചെയ്യുന്നവരെയാണ് ഇത്തരത്തിൽ നീക്കിയതെന്നും രാഹുൽ ആരോപിച്ചു.

കർണാടകയിലെ ഒരു നിയമസഭാ മണ്ഡലമാണ് അലന്ദ്. അവിടെ ആരോ 6018 വോട്ടുകൾ നീക്കം ചെയ്യാൻ ശ്രമിച്ചു. 2023-ലെ തിരഞ്ഞെടുപ്പിൽ അലന്ദിൽ നിന്ന് ആകെ എത്ര വോട്ടുകൾ നീക്കം ചെയ്യപ്പെട്ടു എന്ന് നമുക്കറിയില്ല. ആ സംഖ്യ 6,018-ലും വളരെ കൂടുതലാണ്, എന്നാൽ 6018 വോട്ടുകൾ നീക്കം ചെയ്യുന്നതിനിടെ ഒരാൾ പിടിക്കപ്പെട്ടു, യാദൃച്ഛികമായാണ് അത് പിടിക്കപ്പെട്ടതും. സംഭവിച്ചതെന്തെന്നാൽ, അവിടുത്തെ ബൂത്ത് ലെവൽ ഓഫീസറുടെ അമ്മാവന്റെ വോട്ട് നീക്കം ചെയ്യപ്പെട്ടതായി അവരുടെ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന്, ആരാണ് തന്റെ അമ്മാവന്റെ വോട്ട് നീക്കം ചെയ്തതെന്ന് അവർ പരിശോധിച്ചു, അപ്പോഴാണ് ഒരു അയൽവാസിയാണ് അത് ചെയ്തതെന്ന് അവർ കണ്ടെത്തിയത്. അവർ അയൽവാസിയോട് ചോദിച്ചപ്പോൾ, താൻ ഒരു വോട്ടും നീക്കം ചെയ്തിട്ടില്ലെന്ന് അവർ പറഞ്ഞു.

വോട്ട് നീക്കം ചെയ്തെന്ന് പറയുന്ന ആൾക്കോ, വോട്ട് നഷ്ടപ്പെട്ട ആൾക്കോ ഇതിനെക്കുറിച്ച് യാതൊരു അറിവുമുണ്ടായിരുന്നില്ല. മറ്റേതോ ശക്തി ഈ നടപടിക്രമത്തെ ഹൈജാക്ക് ചെയ്യുകയും വോട്ട് നീക്കം ചെയ്യുകയുമായിരുന്നു.-രാഹുൽ പറഞ്ഞു.

## 'വോട്ടുകൾ നീക്കം ചെയ്യാൻ വിഫലശ്രമം നടന്നു, പക്ഷേ, നീക്കൽ അസാധ്യം' രാഹുലിനെ തള്ളി തിര.കമ്മിഷൻ

ന്യൂഡൽഹി; ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങളിൽ പ്രതികരണവുമായി തിരഞ്ഞെടുപ്പ് കമ്മിഷൻ. ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കമ്മിഷൻ വ്യക്തമാക്കി. ഓൺലൈനായി ഒരു വോട്ടും നീക്കം ചെയ്യാൻ കഴിയില്ലെന്നും വോട്ട് നീക്കം ചെയ്യുന്നതിന് മുമ്പ് ആ വ്യക്തിക്ക് പറയാനുള്ളത് കേൾക്കുമെന്നും കമ്മിഷൻ അറിയിച്ചു. അതേസമയം അലന്ദ് നിയമസഭാ മണ്ഡലത്തിൽ വോട്ടുകൾ നീക്കം ചെയ്യാൻ ശ്രമങ്ങൾ നടന്നതായി കമ്മിഷൻ തുറന്നുപറഞ്ഞു.

രാഹുൽ ഗാന്ധി തെറ്റിദ്ധരിച്ചതുപോലെ, പൊതുജനങ്ങളിൽ ആർക്കും ഓൺലൈനായി ഒരു വോട്ടും നീക്കം ചെയ്യാൻ കഴിയില്ലെന്ന് കമ്മിഷൻ പ്രസ്താവനയിൽ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് ഒരു വ്യക്തിക്ക് പറയാനുള്ളത് കേൾക്കാൻ അവസരം നൽകാതെ ഒരു വോട്ടും നീക്കം ചെയ്യാൻ സാധിക്കില്ല. 2023-ൽ അലന്ദ് നിയമസഭാ മണ്ഡലത്തിൽ വോട്ടുകൾ നീക്കം ചെയ്യാൻ ചില വിഫലശ്രമങ്ങൾ നടന്നിരുന്നു, ഈ വിഷയം അന്വേഷിക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷന്റെ അധികാരികൾ തന്നെ എഫ്ഐആർ ഫയൽ ചെയ്യുകയും ചെയ്തു. - തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു.

കർണാടകയിലെ അലന്ദ് നിയമസഭാ മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ നിന്ന് ആറായിരത്തോളം പേരെ നീക്കിയതായി രാഹുൽ ഗാന്ധി ആരോപിച്ചിരുന്നു. മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിനെതിരേയും ആരോപണങ്ങളുമായി രാഹുൽ ഗാന്ധി രംഗത്തെത്തി. ജനാധിപത്യത്തെ തകർക്കുന്നവരെ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ സംരക്ഷിക്കുന്നുവെന്ന് രാഹുൽ ആരോപിച്ചു.

## അമീബിക് മസ്തിഷ്ക് ജ്വരം ബാധിച്ച 11കാരി രോഗമുക്തയായി

കോഴിക്കോട്: അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലായിരുന്ന പതിനൊന്ന് വയസുകാരി രോഗമുക്തയായി. മലപ്പുറം ചേളാരി സ്വദേശിയായ കുട്ടിയാണ് ഇന്നലെ ആശുപത്രി വിട്ടത്. കുട്ടി പൂർണ ആരോഗ്യം വീണ്ടെടുത്തതായി ആശുപത്രി അധികൃതർ അറിയിച്ചു.

വളരെ അപൂർവമായി മാത്രം കണ്ടുവന്നിരുന്ന അമീബിക് മസ്തിഷ്ക ജ്വരം ഇപ്പോൾ കേരളത്തിൽ അടിക്കടി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സെപ്തംബർ മാസത്തിലാണ് ഏറ്റവും കൂടുതൽ കേസുകൾ സ്ഥിരീകരിച്ചത്. ആരോഗ്യവകുപ്പിന്റെ കണക്കുകൾ പ്രകാരം, നിലവിൽ 71പേരാണ് രോഗം ബാധിച്ച് ചികിത്സയിലുള്ളത്. ഇതിൽ 24പേർക്കും രോഗം ബാധിച്ചത് ഈ മാസമാണ്. ഈ വർഷം 19 മരണമുണ്ടായതിൽ ഒൻപതെണ്ണവും സെപ്തംബറിലാണ്.

അതേസമയം, രോഗബാധ വർദ്ധിക്കുമ്പോഴും അതിന്റെ യഥാർത്ഥ ഉറവിടം കണ്ടെത്താനാകാത്തത് വലിയ വെല്ലുവിളിയായി തുടരുകയാണ്. പൊതുജലാശയങ്ങളിൽ നിന്നും വീട്ടുവളപ്പിലെ കിണറുകളിൽ നിന്നുമടക്കം രോഗം പകരുന്നുണ്ട്. എന്നാൽ, രോഗത്തെക്കുറിച്ച് അമിത ആശങ്ക വേണ്ടെന്നാണ് വിദഗ്ദ്ധർ പറയുന്നത്. ലോകത്ത് 40 ശതമാനംവരെ മാത്രമാണ് രോഗം കണ്ടുപിടിക്കുന്നത്. പക്ഷേ, കേരളത്തിൽ 70 ശതമാനം വരെയാണ്. കൂടുതൽ ടെസ്റ്റ് നടത്തുന്നതിനാലാണ് രോഗസ്ഥിരീകരണ നിരക്കും കൂടുന്നതെന്നും വിദഗ്ദ്ധർ പറയുന്നു.

## എന്നാൽപ്പിന്നെ എന്റെ നെഞ്ചത്തോട്ട് കയറിക്കോ': സുരേഷ് ഗോപിയുടെ വാക്കുകൾ വലിയ സങ്കടമുണ്ടാക്കിയെന്ന് വയോധിക

തൃശൂർ: കരുവന്നൂർ ബാങ്കിലെ നിക്ഷേപം തിരികെക്കിട്ടാൻ സഹായിക്കാമോ എന്ന് ചോദിച്ച വയോധികയെ കേന്ദ്രമന്ത്രി സുരേഷ് ഗോപി പരിഹസിച്ചതിൽ വ്യാപക വിമർശനം. സുരേഷ് ഗോപിയുടെ പരാമർശം കേട്ടപ്പോൾ വലിയ സങ്കടമായെന്നായിരുന്നു പരിഹാസത്തിനിരയായ വയോധിക ആനന്ദവല്ലിയുടെ പ്രതികരണം. ഒരു സ്വകാര്യ വാർത്താചാനലിനോടായിരുന്നു അവർ പ്രതികരിച്ചത്.

'തിരഞ്ഞെടുപ്പ് സമയത്ത് വന്നപ്പോൾ കരുവന്നൂരിലെ പണം വാങ്ങിനൽകുമെന്ന് പറഞ്ഞിരുന്നു. അതുപ്രതീക്ഷിച്ചാണ് അവിടെ ചെന്നത്. പക്ഷേ മറുപടി കേട്ടപ്പോൾ വലിയ സങ്കടമായി. ഒന്നേമുക്കാൽ ലക്ഷം രൂപയാണ് കിട്ടാനുള്ളത്. സഹകരണ സംഘക്കാർ പറ്റിച്ചപണിയാണ്. ചികിത്സാച്ചെലവിനുപോലും പണമില്ലാതെ ബുദ്ധിമുട്ടുകയാണ്. സഹകരണ സംഘക്കാരും സുരേഷ് ഗോപിയും സഹായിച്ചില്ല. മരുന്നുവാങ്ങാൻ മാസം 10000 രൂപ വച്ചെങ്കിലും തന്നാൽ ജീവിതം മുന്നോട്ടുപോകുമായിരുന്നു. ചെറുപ്പംതൊട്ടേ സിനിമയിലൊക്കെ കണ്ടുവളർന്ന ആളായിരുന്നു സുരേഷ് ഗോപി. ആ പ്രതീക്ഷയിലാണ് ഇന്നലെ പോയി കണ്ടത്'- ആനന്ദവല്ലി പറഞ്ഞു.

ഇന്നലെ ഇരിങ്ങാലക്കുടയിലെ കലുങ്ക് സംവാദത്തിനിടെയാണ് ആനന്ദവല്ലിയെ സുരേഷ് ഗോപി പരിഹസിച്ചത്. 'കരുവന്നൂർ ബാങ്കിൽ നിന്ന് ഇഡി പിടിച്ചെടുത്ത പണം ജനങ്ങൾക്ക് തിരികെ വാങ്ങിത്തരാൻ മുഖ്യമന്ത്രി തയ്യാറാണോ? ആ പണം ഇഡിയിൽ നിന്ന് സ്വീകരിക്കാൻ നിങ്ങളുടെ മുഖ്യമന്ത്രിയോട് പറയൂ. പരസ്യമായിട്ടാണ് ഞാനിത് പറയുന്നത്. അല്ലെങ്കിൽ നിങ്ങളുടെ എംഎൽഎയെ കാണൂ ' എന്നാണ് നിക്ഷേപം തിരികെക്കിട്ടാൻ സഹായിക്കാമോ എന്ന് ചോദിച്ച ആനന്ദവല്ലിയോട് സുരേഷ് ഗോപി ആദ്യം പറഞ്ഞത്. അപ്പോൾ മുഖ്യമന്ത്രിയെ തിരക്കിപ്പോകാൻ തനിക്ക് പറ്റുമോ എന്ന് വയോധിക തിരികെ ചോദിച്ചു. തുടർന്നായിരുന്നു പരിഹാസം നിറഞ്ഞ മറുപടി 'എന്നാൽപ്പിന്നെ എന്റെ നെഞ്ചത്തോട്ട് കയറിക്കോ, നിങ്ങളുടെ മന്ത്രി ഇവിടെയല്ലേ താമസിക്കുന്നത്' എന്നായിരുന്നു സുരേഷ് ഗോപി പ്രതികരിച്ചത്. ഇത് കേട്ടതും ചുറ്റും കൂടിനിന്നവരെല്ലാം പൊട്ടിച്ചിരിച്ചു.

'സാർ നിങ്ങൾ ഞങ്ങളുടെ മന്ത്രിയല്ലേ' എന്ന് വയോധിക തിരിച്ച് ചോദിച്ചു.'അല്ല ഞാൻ ഈ രാജ്യത്തിന്റെ മന്ത്രിയാണ്. അതിനുള്ള മറുപടിയും ഞാൻ നൽകിക്കഴിഞ്ഞു. നിങ്ങൾ മുഖ്യമന്ത്രിയെ കണ്ട് ആ തുക ഇഡിയിൽ നിന്ന് സ്വീകരിക്കാൻ പറയൂ. എന്നിട്ട് നിങ്ങൾക്ക് വീതിച്ച് തരാൻ പറയൂ' -എന്നും സുരേഷ് ഗോപി പറഞ്ഞു.

ഇതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നതോടെയാണ് സുരേഷ് ഗോപിക്കെതിരെ വിമർശനം ശക്തമായത്. ഇതിന് തൊട്ടുമുമ്പുനടന്ന കലുങ്ക് സംവാദത്തിൽ വയോധികന്റെ അപേക്ഷ സ്വീകരിക്കാതെ മടക്കി അയച്ചതും വിവാദമായിരുന്നു.

## പത്രാധിപർ നവോത്ഥാന മുന്നേറ്റത്തിന് കരുത്തേകി: മന്ത്രി കെഎൻ ബാലഗോപാൽ




തിരു: കേരളത്തിന്റെ നവോത്ഥാന മുന്നേറ്റത്തിൽ ശക്തമായ നിലപാട് സ്വീകരിച്ച വ്യക്തിയായിരുന്നു പത്രാധിപർ കെ.സുകുമാരൻ എന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ. സംവരണം അടക്കമുള്ള കാര്യങ്ങളിൽ അദ്ദേഹം സ്വീകരിച്ച നിലപാടാണ് പിന്നീടുള്ള പല മാറ്റങ്ങൾക്കും വഴിതെളിച്ചത്. സ്വന്തം അഭിപ്രായം ശക്തമായി പറയുമ്പോഴും വിമർശനങ്ങൾ സ്വീകരിക്കുന്നതിന് അദ്ദേഹം തെല്ലും മടികാട്ടിയിരുന്നില്ലെന്നും ബാലഗോപാൽ അനുസ്മരിച്ചു.

കേരളകൗമുദി നോൺജേർണലിസ്റ്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പത്രാധിപർ കെ.സുകുമാരന്റെ 44-ാമത് ചരമവാർഷിക ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളകൗമുദി നോൺജേർണലിസ്റ്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.എസ്. സാബു അദ്ധ്യക്ഷത വഹിച്ചു. ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, യു.ഡി.എഫ് കൺവീനർ അടൂർപ്രകാശ് എം.പി എന്നിവർ പ്രസംഗിച്ചു. അസോസിയേഷൻ പ്രസിഡന്റ് വി.ബാലഗോപാൽ സ്വാഗതവും വർക്കിംഗ് പ്രസിഡന്റ് എസ്.ആർ.അനിൽകുമാർ നന്ദിയും പറഞ്ഞു.

കേരളകൗമുദി അങ്കണത്തിലെ പത്രാധിപരുടെ അന്ത്യവിശ്രമസ്ഥലത്ത് രാവിലെ മന്ത്രിമാരായ വി.ശിവൻകുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി തുടങ്ങിയവരുൾപ്പെടെ പ്രമുഖർ പുഷ്പാർച്ചന നടത്തി.

## അടുത്ത ഇരുട്ടടി ഇതാവരുന്നു; പാൽവില കൂട്ടുമെന്ന് മന്ത്രി



തിരു : വിലക്കയറ്റത്തിൽ പൊറുതിമുട്ടിക്കൊണ്ടിരിക്കുന്ന കേരളീയർക്ക് പാൽവിലയുടെ രൂപത്തിൽ സർക്കാർ വക അടുത്ത ഇരുട്ടടി വരുന്നു. സംസ്ഥാനത്ത് പാൽവില വർദ്ധിപ്പിക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി നിയമസഭയിൽ വ്യക്തമാക്കി. തോമസ് കെ തോമസ് നൽകിയ സബ്മിഷനുള്ള മറുപടി നൽകുന്നതിനിടെയാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

മിൽമയ്ക്കാണ് പാൽവില വർദ്ധിപ്പിക്കാനുള്ള അധികാരമുള്ളത്. ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുന്ന തരത്തിലായിരിക്കും വർദ്ധനയുണ്ടാവുന്നതെന്നും അതിനുള്ള നടപടികൾ പൂർത്തിയായി വരികയാണെന്നും മന്ത്രി അറിയിച്ചു. പാലിന് ഏറ്റവും കൂടുതൽ വില കൊടുക്കുന്ന സംസ്ഥാനമാണ് കേരളം.

അതേസമയം, ആവശ്യസാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച് സഭയിൽ അടിയന്തര പ്രമേയ ചർച്ച ആരംഭിച്ചു. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷ ആവശ്യം സർക്കാർ അംഗീകരിക്കുകയായിരുന്നു. 12 മണിമുതൽ രണ്ട് മണിക്കൂറാണ് ചർച്ച.വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ സർക്കാരിന്റെ വിപണി ഇടപെടലുകളിലെ പോരായ്മകൾ ഉന്നയിച്ചാണ് പ്രതിപക്ഷം അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. തുടർച്ചയായ മൂന്നാം ദിവസമാണ് നിയമസഭയിൽ അടിയന്തരപ്രമേയത്തിന്മേൽ ചർച്ച നടക്കുന്നത്.

പൊലീസ് അതിക്രമങ്ങൾ, അമീബിക് മസ്തിഷ്ക ജ്വരം എന്നിവ സംബന്ധിച്ച് കഴിഞ്ഞ രണ്ട് ദിവസവും സഭയിൽ അടിയന്തരപ്രമേയ ചർച്ച നടന്നിരുന്നു. ഇന്ന് 2025ലെ കേരള വനഭേദഗതി ബിൽ, വന്യജീവി സംരക്ഷണം കേരള ഭേദഗതി ബിൽ, കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ബിൽ എന്നിവയും സഭയിൽ അവതരിപ്പിക്കും

## എസിപിയെ സ്ഥലം മാറ്റി

തൃശൂർ : കസ്റ്റഡി മർദ്ദന പരാതിയിൽ തൃശൂർ സിറ്റി എസിപി സലീഷ് എൻ ശങ്കരനെ സ്ഥലം മാറ്റി. പാലക്കാട് കൊല്ലങ്കോട് സി ഐ ആയിരിക്കുമ്പോൾ മർദ്ദിച്ചെന്ന പരാതിയിലാണ് നടപടി. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. കെ.ജി സുരേഷാണ് പുതിയ എസിപി.

## ച്യൂയിങ് ഗം തൊണ്ടയിൽ കുടുങ്ങി, ശ്വാസംകിട്ടാതെ പിടഞ്ഞു; കുട്ടിയുടെ ജീവൻ രക്ഷിച്ച് യുവാക്കൾ

കണ്ണൂർ: പഴയങ്ങാടിയിൽ ച്യൂയിങ് ഗം തൊണ്ടയിൽ കുടുങ്ങി ശ്വാസം കിട്ടാതെ പിടഞ്ഞ പെൺകുട്ടിക്ക് രക്ഷകരായി ഒരു കൂട്ടം യുവാക്കൾ. കടയിൽ സാധനം വാങ്ങാനെത്തിയ യുവാക്കളുടെ സമയോചിതമായ ഇടപെടലും പ്രഥമശുശ്രൂഷയുമാണ് ഒരു വലിയ ദുരന്തം ഒഴിവാക്കിയത്. കുട്ടി ധൈര്യം സംഭരിച്ച് സഹായത്തിനായി നേരിട്ട് തങ്ങളുടെ അടുത്തേക്ക് വന്നതുകൊണ്ടാണ് അവളെ രക്ഷിക്കാൻ സാധിച്ചതെന്ന് യുവാക്കൾ പറയുന്നു.

യുവാക്കൾ പഴയങ്ങാടിയിൽ ഒരു കടയുടെ മുന്നിൽ നിൽക്കുമ്പോഴാണ് സൈക്കിളിൽ എത്തിയ ഒരു പെൺകുട്ടി തൊണ്ടയിൽ എന്തോ കുടുങ്ങിയതായി ആംഗ്യം കാണിച്ച് സഹായം അഭ്യർത്ഥിച്ചത്. ആ സമയത്ത് കുട്ടിക്ക് ശ്വാസം കിട്ടുന്നുണ്ടായിരുന്നില്ലെന്നും കണ്ണൊക്കെ വല്ലാതെ ആയതായും യുവാക്കളിലൊരാൾ പറഞ്ഞു. യുവാക്കളിൽ ഒരാൾ പെൺകുട്ടിയുടെ വയറിൽ അമർത്തി പുറത്തേക്ക് തള്ളാൻ ശ്രമിച്ചു. രണ്ടാമത്തെ തവണ വയറിൽ അമർത്തിയപ്പോഴാണ് തൊണ്ടയിൽ കുടുങ്ങിയ ച്യൂയിങ് ഗം പുറത്തേക്ക് തെറിച്ചുവീണത്. അതോടെ കുട്ടിക്ക് ശ്വാസം നേരെ വീഴുകയും അപകട നില തരണം ചെയ്യുകയും ചെയ്തു.

രക്ഷയായത് കുട്ടിയുടെ മനോധൈര്യമാണെന്നും യുവാക്കൾ പറയുന്നു. പേടിച്ച് വീട്ടിലേക്ക് ഓടാതെ, ധൈര്യം സംഭരിച്ച് സഹായത്തിനായി തങ്ങളുടെ അടുത്തേക്ക് വന്നതുകൊണ്ട് മാത്രമാണ് കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതെന്ന് അവർ പറയുന്നു. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ യുവാക്കളിലൊരാൾക്ക് ആത്മവിശ്വാസം പകർന്നത് യൂട്യൂബിൽ കണ്ടുപരിചയിച്ച പ്രഥമശുശ്രൂഷാ വീഡിയോകളാണ്. അത്തരം വീഡിയോകൾ കണ്ട പരിചയമുള്ളതിനാൽ തനിക്ക് വലിയ പരിഭ്രമം തോന്നിയില്ലെന്നും ശാന്തമായി ഇടപെടാൻ സാധിച്ചെന്നും അദ്ദേഹം പറഞ്ഞു.

## വിലക്കയറ്റത്തിൽ അടിയന്തര പ്രമേയ ചർച്ച

തിരു: സംസ്ഥാനത്തെ അതിരൂക്ഷമായ വിലക്കയറ്റത്തിൽ സഭയിൽ അടിയന്തര പ്രമേയ ചർച്ചആരംഭിച്ചു. വിലക്കയറ്റം ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുകയായിരുന്നു. പ്രതിപക്ഷത്ത് നിന്ന് പിസി വിഷ്ണുനാഥ് എംഎൽഎയാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. 2മണിക്കൂർ നീളുന്ന ചർച്ചയാണ് നടക്കുക.


### കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

**Award 1651/2024**

കാശ്മീര കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, പേരാമംഗലം
-ഹരജിക്കാരൻ

തൃശൂർ താലൂക്ക് അഞ്ഞൂർ വില്ലേജ് ടി ദേശത്ത് കലാനി സതീഷ് മകൻ ബൈജു
- 3-ാം എതൃകക്ഷി

മേൽ നമ്പറിൽ 3-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് **29-09-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു

എന്ന്, 16-09-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി എൻ കനകദുർഗ്ഗ** (ഒപ്പ്)

### VEHICLES FOR SALE

**SHRIRAM FINANCE LTD.**

2nd Floor Mega Mall, Main Road,
**OTTAPALAM - 679101**

| Vehicle No | Vehicle Description | Year of manu-facturing |
|---|---|---|
| KL52D-2953 | MAHINDRA LOAD KING FBT-T | 2011 MODEL |
| KL09AX-3173 | TATA LPT 1816 BS6 FBT | 2023 MODEL |

### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 277/2025

കോർപ്പറേറ്റ് കുറീസ് കേരള (P) Ltd, കല്ലേറ്റുംകര
-വാദി

ചാലക്കുടി താലൂക്ക് കല്ലേറ്റുംകര വില്ലേജ് കുണ്ടൂപ്പാടം ദേശത്ത് കല്ലേറ്റുംകര പി ഒ., 680683, പാറക്ക ഞർളെലി വീട്ടിൽ ജോണി മകൻ 52 വയസ്സ് ജോബി ജോൺ
- പ്രതി

മേൽ നമ്പ് കേസ്, പ്രതി ഹാജരാകുന്നതിനായി **23/09/2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് പ്രതി നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരാകേണ്ടതാകുന്നു. അല്ലാത്തപക്ഷം പ്രതിക്കെതിരെ അന്യായം തീർപ്പാക്കുന്നതാണെന്ന് അറിയിച്ചു കൊള്ളുന്നു.

എന്ന്, 17-09-2025
വാദി ഭാഗം അഡ്വക്കെറ്റ്
**കെ ആർ ഷാജു** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 723/2019

ഭാരതോദയം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്,തൃശൂർ, Rep by ചെയർമാൻ
-അന്യായം

തൃശൂർ താലൂക്ക് എടക്കുന്നി വില്ലേജ് ഒല്ലൂർ ദേശത്ത് കോളേങ്ങാടൻ മാണി മകൻ കെ എം ആന്റോ
-3-ാം പ്രതി

മേൽ നമ്പർ കേസിൽ 3-ാം പ്രതിക്കുള്ള സമൻസ് കല്പന കോടതിയിലും സ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **03-10-2025** തിയ്യതിക്ക് വിചാരണക്ക്വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

എന്ന്, 15-9-2025
അന്യായഭാഗം അഡ്വക്കെറ്റ്
**എം വിനോദ്** (ഒപ്പ്)

### പുഴയ്ക്കൽ നിധി ലിമിറ്റഡ്

**ബിൽഡിംഗ് നമ്പർ 8/19 പുഴയ്ക്കൽ, തൃശൂർ – 680 553**

CIN:U65910KL2015PLC038925
E-mail:puzhakkalnidhiltd@gmail.com
**Ph: 0487-2307772, Mob: 9539459704**

**പത്താം വാർഷിക പൊതുയോഗ നോട്ടീസ്**

പുഴയ്ക്കൽ നിധി ലിമിറ്റഡിന്റെ പത്താം വാർഷിക പൊതുയോഗം **2025 സെപ്തംബർ മാസം 30-ാം തിയ്യതി ചൊവ്വാഴ്ച** കാലത്ത് 11 മണിക്ക് പുഴയ്ക്കലിലുള്ള രജിസ്റ്റേർഡ് ഓഫീസിൽ വെച്ച് കൂടുന്നതിന് ഇതിൽ പ്രകാരം നോട്ടീസ് നൽകിയിരിക്കുന്നു. യോഗത്തിൽ താഴെ വിവരിച്ച കാര്യങ്ങൾ പരിഗണിക്കുന്നതും തീരുമാനിക്കുന്നതുമാണ്.

1. 2025 മാർച്ച് 31-ാം തിയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് ലാഭ നഷ്ടകണക്ക്, ഡയറക്ടർ ബോർഡ് റിപ്പോർട്ട് ഓഡിറ്റർ റിപ്പോർട്ട്, ഡയറക്ടർമാരുടെ Re-Appointment എന്നിവയുടെ അവതരണവും അംഗീകാരവും.

മീറ്റിംഗിന്റെ നോട്ടീസിൽ പ്രതിപാദിക്കുന്ന തീരുമാനങ്ങൾ ചർച്ച ചെയ്യുന്നതും അംഗീകരിക്കുന്നതുമാണ്. നോട്ടീസ്, ഓഡിറ്റ് ചെയ്ത് ബാലൻസ് ഷീറ്റ്, ലാഭനഷ്ടകണക്ക് ഡയറക്ടർബോർഡ് റിപ്പോർട്ട് ഓഡിറ്റ് റിപ്പോർട്ട് എന്നിവയോടൊപ്പം മെമ്പർമാർക്ക് അയച്ചുതരുന്നതും ആയതിന്റെ കോപ്പി പുഴയ്ക്കലിലുള്ള രജിസ്ട്രേഡ് ഓഫീസിൽ നേരിട്ടുവന്ന് വാർഷിക പൊതുയോഗ തിയ്യതി വരെ പരിശോധിക്കാവുന്നതുമാണ്.

എന്ന്, ഡയറക്ടർ ബോർഡിനുവേണ്ടി
(S/d-)

തൃശൂർ,
12-9-2025

**കുരിയാക്കോട്ട് ശ്രീധരൻ ശുഭ**
(ചെയർപേഴ്സൺ)

മെമ്പർമാർക്ക് യോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്യാവുന്നതാണ്. പ്രോക്സി ആവശ്യമുള്ള മെമ്പർമാർ രജിസ്റ്റേർഡ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പൂരിപ്പിച്ച പ്രോക്സി യോഗത്തിന് 48 മണിക്കൂർ മുമ്പേ രജിസ്റ്റേർഡ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4




## മുൻ മെത്രപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴിയുടെ നിര്യാണത്തിൽ കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ അനുശോചിച്ചു



തൃശ്ശൂർ അതിരൂപത മുൻ മെത്രപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴിയുടെ വേർപാട് ഏറെ ദുഖകരമാണെന്ന് കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എം എൽ എ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

സമൂഹത്തിനും സഭയ്ക്കും വിശ്വാസികൾക്കും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിച്ച ആത്മീയ നേതാവാണ് മാർ ജേക്കബ് തൂങ്കുഴി .തൃശ്ശൂർ അതിരൂപതയിൽ ഒരു പതിറ്റാണ്ട് മെത്രപ്പോലീത്തയായി പ്രവർത്തിച്ച അദ്ദേഹം സഭയുടെ വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് വഴികാട്ടിയായിരുന്നു. ആത്മീയ പാതയിലൂടെ അവശ ദുർബല വിഭാഗങ്ങളുടെ കണ്ണീരൊപ്പാൻ ശ്രമിച്ച അദ്ദേഹം സഭയുടെ വളർച്ചയ്ക്ക് എന്നതുപോലെ സാമൂഹിക പുരോഗതിക്കും മഹത്തായ സംഭാവനകളാണ് നൽകിയത്.മാർ വള്ളോപ്പിള്ളി പിതാവിനോടൊപ്പം തലശ്ശേരി അതിരൂപതിയിൽ അദ്ദേഹം പ്രവർത്തിച്ചിരുന്ന കാലഘട്ടം മുതൽ ഏറെ ബഹുമാനത്തോടെയാണ് താനുൾപ്പെടെയുള്ളവർ അദ്ദേഹത്തിന്റെ സേവനങ്ങളെ കണ്ടറിഞ്ഞിട്ടുള്ളത്.അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## മന്ത്രി ഡോ. ആർ ബിന്ദുവിന്റെ അനുശോചനക്കുറിപ്പ്



തൃശൂർ: സൗമ്യഭാഷണത്തിലൂടെയും ആത്മീയതേജസ്സിലൂടെയും വിശ്വാസികളുടെ മനം കവർന്ന തൃശ്ശൂർ മുൻ ആർച്ച് ബിഷപ്പ് മാർ ജേക്കബ്ബ് തൂങ്കുഴി വ്യക്തിപരമായും പ്രിയപ്പെട്ടവനായിരുന്നുവെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. തിരുമേനിയുടെ വിയോഗത്തിൽ അഗാധമായി അനുശോചിക്കുന്നു, സഭാവിശ്വാസികളുടെയും പിതാവിന്റെ പ്രിയപ്പെട്ടവരുടെയും ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അടക്കമുള്ള നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കമിട്ട് അഭിവന്ദ്യ പിതാവ് വഴിയൊരുക്കിയ വിദ്യാഭ്യാസ പുരോഗതി നിസ്തുലമാണ്. ഇന്ന് കൈരളിയുടെയാകെ വിജ്ഞാനസമ്പത്താണ് അവ. എയിഡ്സ് രോഗികൾക്ക് ആശ്രയമായി സ്ഥാപിച്ച മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് ആൻഡ് റിഹാബിലിറ്റേഷൻ സെന്റർ (ഗ്രേയ്സ് ഹോം) പോലുള്ള സംരംഭങ്ങൾക്കു പിന്നിലുള്ളത് ആ മാനവസ്നേഹ വ്യാപ്തിയാണ്.

തൃശൂർ മേയറായിരിക്കെ തിരുമേനിയെ സന്ദർശിക്കുക പതിവായിരുന്നു. ഇഷ്ടത്തോടെ എന്നോട് സംസാരിക്കുകയും ആത്മീയ പുസ്തകങ്ങൾ സമ്മാനിക്കുകയും ചെയ്യാറുണ്ടായിരുന്നു. ശിരസ്സു നമിക്കുന്നു - മന്ത്രി ഡോ. ആർ ബിന്ദു പ്രസ്താവനയിൽ പറഞ്ഞു

## സംസ്കൃതത്തെ സ്നേഹിച്ച തൂങ്കുഴി പിതാവ്

തൃശ്ശൂർ: ദിവംഗതനായ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് സംസ്കൃത ഭാഷയെ വളരെയധികം സ്നേഹിച്ച ബിഷപ്പായിരുന്നു. അദ്ദേഹം തൃശ്ശൂരിൽ ആർച്ച് ബിഷപ്പായി ചാർജ്ജെടുത്ത് ആദ്യത്തെ പൊതു ചടങ്ങ് ടോംയാസ് സംഘടിപ്പിച്ച പാവറട്ടി സംസ്കൃത കോളേജ് സ്ഥാപകൻ, സംസ്കൃത പ്രണയഭാജനം പ്രൊഫ. പി.ടി. കുരിയാക്കോസിന്റെ 25-ാം ചരമ വാർഷിക ആചരണ ചടങ്ങിന്റെ ഉദ്ഘാടനമായിരുന്നു.

ഇന്ത്യയിലെ പ്രസിദ്ധരായ ധാരാളം സംസ്കൃത പണ്ഡിതന്മാർ ആ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. വൈദികവിദ്യാർത്ഥിയായിരിക്കുമ്പോൾ സംസ്കൃതം പഠിച്ചിട്ടുള്ള വൈദിക ശ്രേഷ്ഠൻ പാവറട്ടിയിൽ നടന്ന ചടങ്ങിൽ സംസ്കൃത ശ്ലോകങ്ങൾ ചൊല്ലുകയും ചെയ്തു.

## കെസി വേണുഗോപാൽ എംപി അനുശോചിച്ചു



തൃശൂർ: ആത്മീയ ചൈതന്യവും സാമൂഹിക പ്രതിബദ്ധതയും സമന്വയിപ്പിച്ചിരുന്ന വ്യക്തിത്വമായിരുന്ന കാലം ചെയ്ത തൃശ്ശൂർ അതിരൂപത മുൻ മെത്രപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴിയെന്ന് എഐസിസി ജനറൽ സെക്രട്ടറി കെസി വേണുഗോപാൽ എംപി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

സമൂഹത്തിന്റെ ഉന്നമനത്തിനും മാനവികതയുടെ ക്ഷേമത്തിനും മതസൗഹാർദത്തിനുമായി നീക്കിവെച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മനുഷ്യ നന്മയുടെ മാതൃകയായിരുന്നു അദ്ദേഹത്തിന്റെ ആത്മീയ ജീവിതം. ക്രിസ്തുദാസി സന്യാസി സമൂഹത്തിന്റെ സ്ഥാപക പിതാവ് കൂടിയായ മാർ തൂങ്കുഴിയുടെ വേർപാട് വിശ്വാസ പൗരോഹിത്യ സമൂഹത്തിന് വലിയ നഷ്ടമാണെന്നും കെസി വേണുഗോപാൽ പറഞ്ഞു.

## തൂങ്കുഴി അനുസ്മരണം-തേറമ്പിൽ രാമകൃഷ്ണൻ



തൃശൂർ: പാവങ്ങളുടെ പിതാവായ കുണ്ടുകുളം തിരുമേനിയുടെ പിൻഗാമിയായി തൃശൂരിൽ എത്തിയ തൂങ്കുഴി പിതാവിന് നാടിന്റെ മുഴുവൻ ആദരവും പിടിച്ചുപറ്റാൻ അധികകാലം വേണ്ടി വന്നില്ല. സൗമ്യമായ പെരുമാറ്റവും ലളിതമായ സംഭാഷണശൈലിയും സർവ്വരേയും അദ്ദേഹത്തിലേയ്ക്ക് ആകർഷിച്ചു.

സഭയുടെ വികസനത്തിനും സേവനപ്രവർത്തനങ്ങൾക്കും ശക്തമായ നേതൃത്വം നൽകിയ അദ്ദേഹം സമൂഹത്തിന്റെ മുഴുവൻ നന്മയ്ക്കും പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചു. ആതുരശുശ്രൂഷ രംഗത്തും വിദ്യാഭ്യാസ രംഗത്തും അദ്ദേഹം നൽകിയ സേവനങ്ങൾ തൃശൂരിന് ഒരിക്കലും മറക്കാനാവില്ല. അദ്ദേഹത്തിന്റെ മുൻകൈയ്യോടെ ആരംഭിച്ച ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, എഞ്ചിനിയറിംഗ് കോളേജുകൾ എന്നിവ ജില്ലയുടെ വിദ്യാഭ്യാസമേഖലയുടെ കുതിപ്പിന് ആക്കം കൂട്ടി. ജനപ്രതിനിധിയായ എന്നോട് അദ്ദേഹം കാണിച്ച പ്രത്യേക സ്നേഹ വാത്സല്യവും സഹായങ്ങളും ഒരിക്കലും മറക്കാനാവില്ല. ആ സ്നേഹവായ്പിന് ഞാൻ എക്കാലവും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. സാത്വികനായ ആ പുണ്യാത്മാവിന്റെ സ്മരണയ്ക്ക് മുന്നിൽ ഹൃദയം നിറഞ്ഞ പ്രണാമം.


### VEHICLE FOR SALE

**SHRIRAM FINANCE LTD.**

1st Floor, Mathilakam Shopping Mall
Perinthalmanna Road,
**PATTAMBI, Palakkad** Pin: 679306

| Vehicle No | Vehicle Description | Year of manu-facturing |
|---|---|---|
| KL52R-2170 | JOHN DEERE 5045 | 2020 MODEL |


## കൂടൽമാണിക്യം കഴക നിയമനം : വിധി ലംഘനം നടന്നിട്ടുണ്ടെങ്കിൽ കോടതിയിലല്ലേ പറയേണ്ടതെന്ന് ദേവസ്വം ഭരണസമിതി

ഇരിങ്ങാലക്കുട : കൂടൽമാണിക്യം കഴക നിയമനവുമായി ബന്ധപ്പെട്ട് നിയമലംഘനം ഉണ്ടായതായി തോന്നുന്നുണ്ടെങ്കിൽ കോടതിയിലല്ലേ പറയേണ്ടതെന്ന് ദേവസ്വം ഭരണ സമിതി

1984ൽ കൂടൽമാണിക്യത്തിൽ കഴകം തസ്തികയിൽ താൽക്കാലിക ജീവനക്കാരനെ നിയമിച്ചിരുന്നു. അദ്ദേഹത്തിന് 1995ൽ സ്ഥിരം നിയമനവുമായി. പിന്നീട് 2020ൽ ഇദ്ദേഹം റിട്ടയർ ചെയ്ത ഒഴിവിലേക്കാണ് ഇപ്പോൾ നിയമനം നടന്നതെന്ന് ദേവസ്വം അഡ്മിനിസ്ട്രേറ്റർ പറഞ്ഞു.

കഴകം തസ്തികയിൽ വന്ന ഒഴിവ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എഴുത്തു പരീക്ഷയും അഭിമുഖവും നടത്തി പ്രസിദ്ധപ്പെടുത്തിയ റാങ്ക് ലിസ്റ്റ് പ്രകാരമാണ് ഉദ്യോഗാർത്ഥിക്ക് ഇപ്പോൾ നിയമനം ലഭിച്ചിരിക്കുന്നത്.

ദേവസ്വത്തിനെതിരായി ഹൈക്കോടതിയിൽ നൽകിയ കേസ് കോടതി തള്ളിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ കെ.എസ്. ആനുരാഗിന്റെ നിയമനം നടത്തിയത്.

കോടതിയിൽ ദേവസ്വത്തിനെതിരായി നൽകിയ ഹർജിക്ക് മതിയായ തെളിവുകൾ ഹാജരാക്കാനോ ഹർജിക്കാരന്റെ ഭാഗം തെളിയിക്കാനോ സാധിക്കാതിരുന്നതിനാലാണ് ഹർജി കോടതി തള്ളിയതെന്നും ചെയർമാൻ അഡ്വ. സി.കെ. ഗോപി പറഞ്ഞു.

ഹർജിക്കാർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ സിവിൽ കോടതിയെ സമീപിക്കാം എന്ന് മാത്രമേ ഹൈക്കോടതി പറഞ്ഞിട്ടുള്ളൂ. അല്ലാതെ നിയമനം നടത്തരുതെന്ന് കോടതി വിധിയിൽ ഇല്ലെന്നും, അത്തരത്തിൽ ഒരു ഉത്തരവ് സിവിൽ കോടതിയിൽ നിന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.സർക്കാരിന്റെയും കോടതിയുടെയും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെയും തീരുമാനങ്ങൾ നടപ്പിലാക്കുക എന്നതാണ് ദേവസ്വം ഭരണസമിതിയുടെ ഉത്തരവാദിത്വം. അത് ചെയ്യാതെ വരുമ്പോഴാണ് കോടതി വിധിയുടെ ലംഘനം ആകുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അനുരാഗ് ജോലിയിൽ പ്രവേശിച്ച് രണ്ട് ദിവസം പിന്നിടുമ്പോൾ ഇതുവരെയും ക്ഷേത്രത്തിനുള്ളിൽ പ്രശ്നങ്ങൾ ഒന്നും ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും ദേവസ്വം ഭരണസമിതി അംഗങ്ങൾ വ്യക്തമാക്കി.ഒരു മാറ്റം വരുമ്പോൾ എല്ലാ തലത്തിലും ഉൾക്കൊള്ളാൻ സമയമെടുക്കും എന്ന് മാത്രം ഇതിനെ കുറിച്ച് കരുതിയാൽ മതി എന്ന് അഡ്വ. കെ.ജി. അജയ്കുമാർ പറഞ്ഞു.

അനുരാഗിന്റെ നിയമനവുമായി ബന്ധപ്പെട്ട ദേവസ്വം യോഗത്തിൽ തന്ത്രി പ്രതിനിധി പങ്കെടുത്തിട്ടില്ല. പങ്കെടുക്കാൻ കഴിയാത്തത് അദ്ദേഹം അറിയിച്ചിട്ടുമില്ല എന്ന് ഭരണസമിതി അംഗങ്ങൾ പറയുന്നു.കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തിക ആചാരപ്രകാരം ഉള്ളതല്ല എന്നും ദേവസ്വം ചെയർമാൻ ചൂണ്ടിക്കാട്ടി.

കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും ക്ഷേത്രത്തിനകത്തെ കുലീപിനി തീർത്ഥക്കുളത്തിൽ മുങ്ങി നിവർന്നതിനു ശേഷം വേണം കഴക പ്രവർത്തിയിലേക്ക് കടക്കാൻ എന്നുള്ളതിനാൽ റാങ്ക് ലിസ്റ്റിലെ ഒന്നാം പേരുകാരനായ ബി.എ. ബാലു നിയമിതനായ സമയത്ത് ബാലുവിന് കുളിക്കാനുള്ള വെള്ളം കുലീപിനീ തീർത്ഥക്കുളത്തിൽ നിന്ന് എടുത്തു നൽകേണ്ട ചുമതല മൂസ്സതുമാർക്ക് നൽകിക്കൊണ്ടുള്ള ഉത്തരവ് അന്നത്തെ അഡ്മിനിസ്ട്രേറ്റർ ഇറക്കിയിരുന്നു എന്നത് വിചിത്രമാണ്.

ദേവസ്വത്തിൽ നിന്ന് റിട്ടയർ ചെയ്ത വ്യക്തി വീണ്ടും കൂടൽമാണിക്യത്തിൽ മാല കെട്ടുന്നത് സംബന്ധിച്ച വിഷയത്തിൽ കോടതിയിൽ കേസ് നടക്കുകയാണ്. തന്ത്രിമാർക്ക് ഇടയിൽ നിന്നു വരെ ഈ വിഷയത്തിൽ ആക്ഷേപം ഉയർന്നിട്ടുണ്ട്. അതിനാൽ തന്നെ അദ്ദേഹം ക്ഷേത്രത്തിനുള്ളിൽ താമരമാല കെട്ടുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. എന്നാൽ അമ്പലവാസികളായവർക്ക് ക്ഷേത്രത്തിൽ എവിടെയിരുന്നു വേണമെങ്കിലും തുളസി മാല കെട്ടാനും ഭഗവാന് സമർപ്പിക്കാനും അനുവാദമുള്ളതിനാൽ അദ്ദേഹത്തെ പൂർണ്ണമായും വിലക്കാൻ ഭരണസമിതിക്ക് കഴിയില്ല.

കർക്കിടകം മുതൽ ദേവസ്വത്തിന്റെ രസീത് ഇല്ലാത്ത ഒരു താമര മാലയും ക്ഷേത്രത്തിൽ സ്വീകരിക്കരുതെന്ന് മേൽശാന്തിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിനിടയിൽ ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് നടന്ന ഘോഷയാത്ര കൂടൽമാണിക്യം ക്ഷേത്ര പരിസരത്ത് എത്തിയപ്പോൾ അവിടത്തെ വിളക്കുകൾ തെളിയിക്കാത്തത് ഏറെ വിവാദമായിരുന്നു. കഴിഞ്ഞവർഷവും വിളക്കുകൾ തെളിയിച്ചില്ലെന്ന് പരാതി ഉയർന്നിരുന്നു

വിളക്കുകൾക്ക് കേടുപാടുകൾ ഉള്ളതിനാൽ അത് പരിഹരിക്കാനുള്ള നടപടികൾ ചെയ്തു വരുന്നതേയുള്ളൂ എന്നായിരുന്നു ദേവസ്വം ഭരണസമിതി അംഗങ്ങളുടെ മറുപടി.

## വനിതാകൂട്ടായ്മ




തൃശൂർ: ഡോ.എം.ലീലാവതിക്കെതിരായ സംഘപരിവാർ പ്രൊഫൈലുകളിലെ സൈബർ ആക്രമണത്തിനെതിരെ വനിതാസാഹിതി ജില്ലാക്കമ്മറ്റി സാഹിത്യ അക്കാദമി പരിസരത്ത് പ്രതിഷേധക്കൂട്ടായ്മ സംഘടിപ്പിച്ചു.ഡോ.കല സജീവൻ ഉദ്ഘാടനം ചെയ്തു.ഡോ.അനുപാപ്പച്ചൻ മുഖ്യപ്രഭാഷണം നടത്തി. ജില്ല പ്രസിഡണ്ട് കെ.പി. സെലീന, ജില്ല സെക്രട്ടറി ഡോ.കെ.ആർ. ബീന, സംസ്ഥാന ജോ.സെക്രട്ടറി ഡോ.ഡി.ഷീല എന്നിവർ നേതൃത്വം നൽകി.

## ഓണത്തെ ഓടിക്കും കോർപ്പറേറ്റ്വൽക്കരണം: സാംസ്ക്കാരിക അക്കാദമി



തൃശൂർ: ഓണോർമ്മകൾ കാവ്യാലാപന പൂക്കളമായ് മാറിയത് സാംസ്ക്കാരിക നഗരിയിൽ വേറിട്ട അനുഭവമായി. തൃശൂർ സാംസ്ക്കാരിക അക്കാദമിയാണ് ഓണം കാവ്യാലാപന പൂക്കള സർഗ്ഗസദസ് ഒരുക്കിയത്. നാഷ്ണൽ ബുക്ക് സ്റ്റാളിൽ ഒരുക്കിയ ചടങ്ങിൽ, ഓണക്കാല കാവ്യാലാപനം നടന്നു. അഡ്വ. എ.ഡി.ബെന്നി ഓണസന്ദേശം നൽകി. കാലം മാറുംതോറും ഓണം ഓടി പോകുന്ന അവസ്ഥ ഉണ്ടാക്കുന്ന കോർപ്പറേറ്റ് വൽക്കരണമാണിവിടെ എന്നും അഡ്വ: ബെന്നി ചൂണ്ടിക്കാട്ടി.

രാജൻ എലവത്തൂർ, ഡേവിസ് കണ്ണമ്പുഴ , മാധവികുട്ടി, രാജേശ്വരിയമ്മ, ഉണ്ണികൃഷ്ണൻ അടാട്ട്, പി. ഉദയകുമാർ, എം എം.എ. റസാഖ്, ശപത്ഥ്, കെ.കെ.എസ്. കുട്ടി മാടക്കത്തറ, ഷേർളി ഡേവിസ് സംവാദത്തിൽ പങ്കെടുത്തു.

## സൗജന്യ നേത്ര പരിശോധന തിമിര നിർണയ ക്യാമ്പ് സംഘടിപ്പിച്ചു



ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റി വാർഡ് 31 അംഗനവാടിയിൽ വച്ച് സൗജന്യ നേത്ര പരിശോധന തിമിര നിർണയ ക്യാമ്പ് സംഘടിപ്പിച്ചു.

31-ാം വാർഡ് കൗൺസിൽ -സുജാ സജീവ് കുമാറിനെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പിൽ, മുപ്പതാം വാർഡ് കൗൺസിൽ ടിവി ചാർലി, ആശാവർക്കർ നിമ്മി സുധീഷ്, അംഗനവാടി ടീച്ചർ നിഷ, രമ്യ ആർ ആർ ടി, സന്നദ്ധ പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി. ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി വയോമിത്രം ഡോക്ടർ സിസ്റ്റേഴ്സ് കോഡിനേറ്റർ തൃശ്ശൂർ ട്രിനിറ്റി സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റലിലെ സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവരുടെ നിസ്വാർത്ഥ സേവനം പങ്കെടുത്തവരിൽ വലിയ മതിപ്പുളവാക്കി.

ഒരുപാട് സ്നേഹം നന്ദി അഭിനന്ദനങ്ങളും വാർഡിലെ വയോജന ക്ലബ്ബ് അംഗങ്ങൾ വയോമിത്രം ഉപഭോക്താക്കൾ തുടങ്ങി 80 പേർ പങ്കെടുക്കുകയും, എട്ടുപേരെ സൗജന്യ തിമിരശസ്ത്രക്രിയക്കും, 23 പേരെ തുടർ ചികിത്സിക്കും തിരഞ്ഞെടുക്കുകയും ഉണ്ടായി. നേത്രാ പരിശോധന ക്യാമ്പും വയോമിത്രം ക്യാമ്പും ഫലപ്രദമായി നടത്താൻ സഹായിച്ച എല്ലാവർക്കും സ്നേഹപൂർവ്വം നന്ദി അർപ്പിച്ചു



## മോഷ്ടിച്ച പാത്രങ്ങളുമായി സ്ത്രീയെ നാട്ടുകാർ പിടികൂടി

പുതുക്കാട്: തെക്കെ തൊറവിൽ നീലങ്കാവിൽ ഔസേപ്പിന്റെ വീട്ടിലെ തട്ടിൻപുറത്ത് കയറി ചെമ്പുപാത്രങ്ങൾ മോഷ്ടിച്ച 50 വയസ് പ്രായം തോന്നിക്കുന്ന നാടോടി സ്ത്രീയെ നാട്ടുകാർ പിടികൂടി പുതുക്കാട് പോലീസിനെ ഏല്പിച്ചു.

## മണപ്പുറം ലയൺസ് ഡയാലിസിസ് സെന്റർ ഉദ്ഘാടനം ചെയ്തു




കൽപ്പറ്റ. മണപ്പുറം ലയൺസ് ഡയാലിസിസ് സെന്റർ ലയൺസ് ക്ലബ്ബ് മുൻ ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫിനാൻസ് ലിമിറ്റഡ് മാനേജിങ് ഡിറക്ടറായ വി പി നന്ദകുമാർ ഉദ്ഘാടനം ചെയ്തു. വടുവഞ്ചാലിൽ ലയൺസ് ക്ലബ്ബ് ഇൻർ നാഷണൽ ഫൗണ്ടേഷൻ സ്ഥാപിച്ച വയനാട് ഹോസ്പിറ്റലിനോടു ചേർന്നാണ് ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്നത്. ഹോസ്പിറ്റലിന്റെ ഉദ്ഘാടനം ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ പ്രസിഡന്റ് എ പി സിംഗ് നിർവഹിച്ചു. മൾട്ടിപ്പിൾ കൗൺസിൽ ചെയർപേഴ്സൺ ലയൺ രാജൻ നമ്പൂതിരി ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഗുണഭോക്താക്കൾക്കുള്ള ഹെൽത്ത് കാർഡ് വിതരണം ടി സിദ്ധിഖ് എംഎൽഎ തുടക്കം കുറിച്ചു.

ചൂരൽ മല ഉരുൾ പൊട്ടൽ ദുന്തത്തെത്തുടർന്ന് ക്ലേശമനുഭവിക്കുന്ന നാട്ടുകാർക്കുള്ള സഹായ വാഗ്ദാനമാണ് മണപ്പുറം ഫിനാൻസ് പൂർത്തീകരിച്ചിരിക്കുന്നത്. ലയൺസ് ഇന്റർ നാഷണലിന്റെ സഹായത്തോടെയാണ് മണപ്പുറം ഫിനാൻസ് ഡയാലിസിസ് സെന്റർ നിർമ്മിച്ചത്. സെന്ററിന്റെ പ്രതിമാസ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുമെന്നും ആവശ്യാനുസരണം പുതിയ ഡയാലിസിസ് മെഷിനുകൾ വാങ്ങി നൽകുമെന്നും ചെയർമാൻ വി പി നന്ദകുമാർ പ്രഖ്യാപിച്ചു.

ലയൺസ് ക്ലബ്ബ് മുൻ ഇന്റർനാഷണൽ ഡയറക്ടർ ആർ മുരുകൻ , മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ ഉണ്ണിക്കൃഷ്ണൻ, വാർഡ് മെമ്പർ യശോദാ ചന്ദ്രൻ, ലയൺ വി അമർനാഥ്, ലയൺ എ വി വാമനകുമാർ എന്നിവർ ആശംസ നേർന്നു. ലയൺസ് ഇന്റർ നാഷണൽ മുൻ ഡയറക്ടർമാരായ സംഗീത ജാട്ടിയ, വി വി കൃഷ്ണ റെഡ്ഡി, വിജയ കുമാർ രാജു എന്നിവർ സന്നിഹിതരായിരുന്നു.

## ടി പി സിതാരാമൻ അടിയന്തരാവസ്ഥ വിരുദ്ധ പോരാളി: അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി

ആമ്പല്ലൂർ: സംഘടനാ കോൺഗ്രസിലൂടെ ജനത പാർട്ടിയിലെത്തിയ ജനത പാർട്ടി നേതാവ് ടി പി സീതാരാമൻ ഇന്ദിര ഗാന്ധിയുടെ ജനാധിപത്യ പൗര അവകാശ മൗലിക അവകാശ നിഷേധമായ അടിയന്തരാവസ്ഥക്കെതിരെ ഒത്തു തീർപ്പുകൾ ഇല്ലാതെ പോരാട്ടം നടത്തിയ ജനത പാർട്ടി നേതാക്കന്മാരിൽ ഒരാളായിരുന്നു എന്ന് സാമൂഹ്യ സുരക്ഷാ പെൻഷനേഴ്സ് ജനത സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി പ്രസ്താവിച്ചു ആഭ്യന്തര കലാപങ്ങളും യുദ്ധവും നേരിടുന്നതിനുവേണ്ടി ഉപയോഗിക്കുവാൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയ 352 വകുപ്പ് ദുരുപയോഗം ചെയ്തു രാഷ്ട്രീയ എതിരാളികളെ നേരിടുന്നതിനു വേണ്ടി ഇന്ദിരാഗാന്ധി ഭരണഘടനാപരമായ അവകാശങ്ങൾ സസ്പെൻഡ് ചെയ്തത് തൊഴിലാളി ജനകീയ പ്രക്ഷോഭങ്ങൾ അടിച്ചമർത്തുന്നതിന് വേണ്ടിയായിരുന്നു ജയപ്രകാശ് നാരായണന്റെയും സഖാവ് ജോർജ് ഫെർണാണ്ടസിന്റെയും മറ്റ് നേതാക്കളുടെയും നേതൃത്വത്തിൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ നടന്ന അടിന്ത്രാവസ്ഥ വിരുദ്ധ പ്രക്ഷോഭത്തിൽ പങ്കെടുത്തതിനു ശേഷം ജയിൽ വാസം ഭയന്ന് പലരും കോൺഗ്രസിലേക്ക് തിരിച്ചു പോയിരുന്നെങ്കിലും ടി പി സീതാരാമൻ ജനത പാർട്ടിയിൽ അടിയുറച്ചു നിന്ന് 1977 വർഷംനടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ജനതാ പാർട്ടിക്ക് വേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച് ചെറിയ വോട്ടുകളുടെ വ്യത്യാസത്തിനാണ് പരാജയപ്പെട്ടത് ടി പി സീതാരാമന്റെ ഇരുപത്തിനാലാമത്തെ ചരമവാർഷികത്തോടനുബന്ധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് കല്ലൂരിൽ സംഘടിപ്പിച്ച അനുസ്മരണം സ്വാഗതാർഹമാണ് തിരുകൊച്ചി നിയമസഭാംഗമായിരുന്ന ടി പി സീതാരാമന് സ്മാരകം നിർമ്മിക്കുവാനുള്ള തീരുമാനവും സ്വാഗതാർഹമാണ് രാഷ്ട്രീയ ജനതാദൾ ആർജെഡിയും ജനത പരിവാർ പ്രസ്ഥാനങ്ങളും ടി പി സീതാരാമനെ അനുസ്മരിക്കുകയും അദ്ദേഹത്തിന് സ്മാരകങ്ങൾ നിർമ്മിക്കുകയും ചെയ്യും.

## നിര്യാതനായി

### ജോബ്

തൃശൂർ: മൂവിങ്ങ് പാലസ് ബസ് (കാട്ടകാമ്പാൽ-എയ്യാൽ-തൃശൂർ)ഉടമ കോളങ്ങാട്ടുകര ചിറ്റാട്ടുകര ജോൺ മകൻ ജോബ് (66) നിര്യാതനായി. സംസ്ക്കാരം കോളങ്ങാട്ടുകര സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു

## ഭൂമി വരുംതലമുറക്ക് കൈമാറേണ്ട അമൂല്യ സ്വത്താണ് : കരീം പന്നിത്തടം




ചാവക്കാട് : ഭൂമി നമ്മുടെ തലമുറയ്ക്ക് മാത്രമുള്ള സ്വത്തല്ല അത് വരും തലമുറകൾക്ക് കൈമാറേണ്ട അമൂല്ല്യ പരമ്പരാഗത സ്വത്താണെന്നും,അതിനെ സംരക്ഷിക്കേണ്ട ബാദ്ധ്യത ഓരോരുത്തരുടെയും കടമയും, ഉത്തരവാദിത്ത്വവുമാണെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

സ്പീക്കേഴ്സ് ഫോറം ചാവക്കാട് ഖുർആൻ സെന്ററിൽ നടന്ന അന്താരാഷ്ട്ര ഓസോൺ ദിന സെമിനാർ ഉൽഘാടനം ചെയ്യുകയായിരുന്നു. സ്പീക്കേഴ്സ് ഫോറം ചീഫ് കോഡിനേറ്റർ ടി.കെ.അബ്ദുൾ സലാം അദ്ധ്യക്ഷത വഹിച്ചു.മുൻസിപ്പൽ കൗൺസിലർ ഷാനവാസ് ഖലീമുള്ള,കബീർ ഫൈസി അകലാട്,ഡോക്ടർ സിറാജ്,യാസർ എടക്കഴിയൂർ,സൈനുദ്ദീൻ വാഫി,സാബിത് ഹുദവി,എന്നിവർ പ്രസംഗിച്ചു.


GOVERNMENT OF INDIA
കേരള സർക്കാർ
ഫിഷറീസ് വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
Global Gateway
European Union



ഉദ്ഘാടനം:
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി
സെപ്റ്റംബർ 19 രാവിലെ 9.30

മത്സ്യത്തൊഴിലാളി ജനവിഭാഗങ്ങളുടെ ഉന്നതി മത്സ്യബന്ധനമേഖലയുടെ സമഗ്രവികസനം

കേന്ദ്ര സർക്കാരിന്റേയും യൂറോപ്യൻ യൂണിയന്റേയും സഹകരണത്തോടെ കേരള സർക്കാർ മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന

BLUE TIDES
KERALA EUROPEAN UNION
CONCLAVE 2025
Two Shores One Vision

ബ്ലൂ ഇക്കോണമി കോൺക്ലേവ് 2025
സെപ്റ്റംബർ 18 & 19
ലീല കോവളം, റാവിസ് ഹോട്ടൽ, തിരുവനന്തപുരം

അധ്യക്ഷൻ : ശ്രീ. സജി ചെറിയാൻ
ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി

വിശിഷ്ടാതിഥികൾ : ശ്രീ. രാജീവ് രഞ്ജൻ സിംഗ്
ബഹു. കേന്ദ്ര മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീര വികസനം, പഞ്ചായത്തീ രാജ് വകുപ്പ് മന്ത്രി

ശ്രീ. ജോർജ്ജ് കുര്യൻ
ബഹു. കേന്ദ്ര മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീര വികസനം, ന്യൂനപക്ഷകാര്യ വകുപ്പ് സഹമന്ത്രി

H.E. ഹെർവേ ഡെൽഫിൻ
അംബാസിഡർ, യൂറോപ്യൻ യൂണിയൻ

മറ്റു പ്രമുഖർ പങ്കെടുക്കുന്നു.

• മറൈൻ ലോജിസ്റ്റിക്സ് • അക്വാകൾച്ചർ • സമുദ്ര മത്സ്യബന്ധനം
• തീരദേശ ടൂറിസം • പുനരുപയോഗ സമുദ്രോർജ്ജം • നൈപുണ്യവികസനം
• അക്കാദമിക് സഹകരണം • സംയുക്ത ഗവേഷണ വികസനം
• സ്റ്റാർട്ടപ്പ് നവീകരണം

മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന്
ഹെൽപ്പ് ലൈൻ നമ്പർ 1933 94979 79794, 94979 27797